"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാഡമിക് - തിരുവനന്തപുരം, ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജുകളിൽ 2023-24 അദ്ധ്യയന വർഷം മുതൽ എം.എസ്.സി (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.175/2023/H&FWD തീയതി,തിരുവനന്തപുരം, 29-07-2023

---

പരാമർശം:- 1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 15.11.2022ലെ മെ.വി.വ./1048/2022-ബി4 നമ്പർ കത്ത്

ഉത്തരവ്

മാനസികാരോഗ്യ ചികിത്സാരംഗത്ത് അനിവാര്യമായതും രാജ്യത്തിന് അകത്തും പുറത്തും ഏറെ ജോലി സാദ്ധ്യതയുള്ളതുമായ എം.എസ്.സി. (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് തിരുവനന്തപുരം, ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജുകളിൽ 2023-24 അധ്യയന വർഷം മുതൽ ആരംഭിക്കുന്നതിന് പരാമർശം 1 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ഒൻപത് സർക്കാർ നഴ്സിംഗ് കോളേജുകളിൽ കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ മാത്രമാണ് എം.എസ്.സി. (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് നടത്തപ്പെടുന്നത്. ഈ മൂന്ന് കോളേജുകളിലുമായി മൊത്തം 15 വിദ്യാർത്ഥികളുടെ വാർഷിക പ്രവേശന ശേഷി മാത്രമാണുള്ളത്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അനുയോജ്യമായ മാനസികാരോഗ്യ പരിപാലന സേവനങ്ങൾ നൽകുന്നതിന്, കൂടുതൽ മാനസികാരോഗ്യ സംരക്ഷണ വിദഗ്ധരെ സൃഷ്ടിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, വാർഷിക വിദ്യാർത്ഥി പ്രവേശന ശേഷി എട്ട് വീതം ആയി നിജപ്പെടുത്തി തിരുവനന്തപുരം, ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജുകളിൽ 2023-24 അധ്യയന വർഷം മുതൽ എം.എസ്.സി (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പാൾ, ഗവൺമെന്റ് നഴ്സിംഗ് കോളേജ്, തിരുവനന്തപുരം
പ്രിൻസിപ്പാൾ, ഗവൺമെന്റ് നഴ്സിംഗ് കോളേജ്, ആലപ്പുഴ

രജിസ്ട്രാർ, കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം
രജിസ്ട്രാർ, ആരോഗ്യശാസ്ത്ര സർവ്വകലാശാല, തിരുവനന്തപുരം
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, ന്യൂഡൽഹി
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം 1675 തീയതി 26.07.2023)
ധനകാര്യ (ഹെൽത്ത് - എ2) വകുപ്പ്
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 30-07-2023 09:58:34
സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു. ആരോഗ്യ, വനിതാ ശിശുക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് അറിവിനായി നൽകുന്നു.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-07-2023

ഫയൽ നം. സി3/294/2022/ആ.കു.വ.

ഇനം നം: 1675

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - തിരുവനന്തപുരം, ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജുകളിൽ 2023-24 അദ്ധ്യയന വർഷം മുതൽ എം.എസ്.സി. (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

27/7/23

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്.

27/7/2023

1675

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.സി3/294/2022/ആ.കു.വ |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ് |
| 3 | വിഷയം | | തിരുവനന്തപുരം, ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജുകളിൽ 2023-24 അദ്ധ്യയന വർഷം മുതൽ എം.എസ്.സി. (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09/07/2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ ശ്രീജിത്ത് വി. പി. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ എ. പി. എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി. | : | 24.07.2023 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.07.2023 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.07.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25.07.2023 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2023-24 അധ്യയന വർഷം മുതൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജുകളിൽ എം.എസ്.സി. (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

**2.** തിരുവനന്തപുരം, ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജുകളിൽ മെന്റൽ ഹെൽത്ത് നഴ്സിംഗിൽ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കുന്നതിന് 2022-23, 2023-24 അധ്യയന വർഷങ്ങളിലേയ്ക്ക് പ്രൊപ്പോസൽ ഒന്നിലധികം തവണ ധനകാര്യ വകുപ്പിന് മുമ്പാകെ സമർപ്പിച്ചെങ്കിലും അനുമതി ലഭിക്കാതെ മാറ്റി വയ്ക്കപ്പെടുന്നതിനുള്ള നിർദ്ദേശമാണ് ലഭിച്ചിട്ടുള്ളത്. മാനസികാരോഗ്യ ചികിത്സാരംഗത്ത് ഏറെ അനിവാര്യമായതും രാജ്യത്തിന് അകത്തും പുറത്തും ഏറെ ജോലി സാധ്യതയുള്ളതുമായ എം.എസ്.സി. (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് തിരുവനന്തപുരം, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ ഈ അധ്യയന വർഷം മുതൽ ആരംഭിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

**3.** സംസ്ഥാനത്തെ നഴ്സിംഗ് വിദ്യാഭ്യാസ പുരോഗതി അവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 04.11.2022-തീയതിയിൽ ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ, സർക്കാർ മേഖലയിൽ എം.എസ്.സി (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് ആരംഭിക്കേണ്ടതിന്റെ ആവശ്യകതയും വിലയിരുത്തപ്പെടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 2022-23 അധ്യയന വർഷത്തിൽ തിരുവനന്തപുരത്തെയും ആലപ്പുഴയിലെയും സർക്കാർ നഴ്സിംഗ് കോളേജുകളിൽ മെന്റൽ ഹെൽത്ത് നഴ്സിംഗിൽ ബിരുദാനന്തര ബിരുദം ആരംഭിക്കുന്നതിനുള്ള സാധ്യത വീണ്ടും പരിശോധിക്കുകയും ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തു. 20.12.2022 - ൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ഉദ്ധരിക്കുന്നു:

*"Finance sticks to its earlier remarks in file No. C3/35/2020/H&FWD dated 10.07.2021 as the proposal includes additional financial burden on the State in respect of arranging infrastructure, stipend disbursement and post creation".*

**4.** മെന്റൽ ഹെൽത്ത് നഴ്സിങ്ങിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഈ വിഷയം ഒരിക്കൽക്കൂടി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു ഇത്തവണയും ആ വകുപ്പ് മുൻ നിലപാടിൽ ഉറച്ചുനിൽക്കുകയും '*the proposal is deferred for the time being*' എന്ന് അഭിപ്രായപ്പെടുകയുമുണ്ടായി.

സംസ്ഥാനത്തെ 9 സർക്കാർ നഴ്സിങ് കോളേജുകളിൽ കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ മൂന്ന് കോളേജുകളിൽ മാത്രമാണ് എം.എസ്.സി (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് നടത്തപ്പെടുന്നത്. ഈ മൂന്ന് കോളേജുകളിലുമായി മൊത്തം 15 വിദ്യാർത്ഥികളുടെ വാർഷിക പ്രവേശന ശേഷി മാത്രമാണുള്ളത്. വാർഷിക വിദ്യാർത്ഥി പ്രവേശന ശേഷി 8 വീതം ആയി നിജപ്പെടുത്തി തിരുവനന്തപുരം, ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജുകളിൽ എം.എസ്.സി (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സിന് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട്, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഉറപ്പാക്കേണ്ട ക്ലിനിക്കൽ സൗകര്യങ്ങളുടെ വിശദാംശങ്ങൾ, കോഴ്സ് ആരംഭിക്കുന്നത് മൂലമുള്ള അധിക സാമ്പത്തിക ബാധ്യത തുടങ്ങിയ വിവരങ്ങൾ ചുവടെ പട്ടികയിൽ കാണിച്ചിരിക്കുന്നു:

| **നഴ്സിംഗ് കോളേജ്** | **INC മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആവശ്യമായ ക്ലിനിക്കൽ സൗകര്യങ്ങൾ** | **ലഭ്യമായ ക്ലിനിക്കൽ സൗകര്യങ്ങൾ** | **25 വിദ്യാർത്ഥികളുടെ വാർഷിക പ്രവേശന ശേഷിക്ക് അനുസൃതമായി INC മാനദണ്ഡങ്ങൾ അനുസരിച്ച് ആവശ്യമായ ടീച്ചിംഗ് ഫാക്കൽറ്റികൾ** | **INC മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി സൃഷ്ടിക്കേണ്ട ടീച്ചിംഗ് ഫാക്കൽറ്റികൾ** |
|---|---|---|---|---|
| തിരുവനന്തപുരം | 50 കിടക്കകളുള്ള മാനസികാരോഗ്യ കേന്ദ്രം | 50 കിടക്കകളുള്ള മാതൃ ആശുപത്രി. പ്രതിദിന ശരാശരി ഒ.പി – 150 | പ്രൊഫസർ –1<br>അസോസിയേറ്റ് പ്രൊഫസർ–1<br>അസിസ്റ്റന്റ് പ്രൊഫസർ – 3 | **അസോസിയേറ്റ് പ്രൊഫസർ–1** (നിലവിൽ നഴ്സിംഗ് കോളേജിൽ 4 സ്പെഷ്യാലിറ്റികളിലായി എം.എസ്സി (നഴ്സിംഗ്)– ന് 28 <u>വിദ്യാർത്ഥികളാണുള്ളത്.</u> എം.എസ്.സി (മെന്റൽ ഹെൽത്ത് നഴ്സിംഗ്) –നുള്ള വാർഷിക പ്രവേശന ശേഷി 8 ആണെങ്കിൽ, 1:10 അധ്യാപക– വിദ്യാർത്ഥി അനുപാതം നിലനിർത്താൻ ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. |
| ആലപ്പുഴ | 50 | 30 | പ്രൊഫസർ –1 | **അസോസിയേറ്റ്** |

| | | | | |
|---|---|---|---|---|
| | കിടക്കകളുള്ള മാനസികാരോഗ്യ കേന്ദ്രം | കിടക്കകളുള്ള മാതൃ ആശുപത്രി. പ്രതിദിന ശരാശരി ഒ.പി - 100 | അസോസിയേറ്റ് പ്രൊഫസർ-1 അസിസ്റ്റന്റ് പ്രൊഫസർ - 3 | **പ്രൊഫസർ-1** (നിലവിൽ നഴ്സിംഗ് കോളേജിൽ 4 സ്പെഷ്യാലിറ്റികളിലായി എം.എസ്.സി (നഴ്സിംഗ്)- ന് 20 വിദ്യാർത്ഥികളാണുള്ളത്. എം.എസ്.സി (മെന്റൽ ഹെൽത്ത് നഴ്സിംഗ്) -നുള്ള വാർഷിക പ്രവേശന ശേഷി 8 ആണെങ്കിൽ, 1:10 അധ്യാപക- വിദ്യാർത്ഥി അനുപാതം നിലനിർത്താൻ ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. |

**6.** അസോസിയേറ്റ് പ്രൊഫസറുടെ രണ്ട് തസ്തികകൾ മാത്രമാണ് അധികമായി സൃഷ്ടിക്കേണ്ടത്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതു മൂലമുണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത 42,57,188/- (നാൽപ്പത്തി രണ്ട് ലക്ഷത്തി അൻപത്തി ഏഴായിരത്തി ഒരുനൂറ്റി എൺപത്തി എട്ട് രൂപ മാത്രം) രൂപയാണ്. കേരള സംസ്ഥാനം മാനസികാരോഗ്യ വിദഗ്ധരുടെ രൂക്ഷമായ ക്ഷാമം അഭിമുഖീകരിക്കുന്നുണ്ട്. തിരുവനന്തപുരം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ പ്രതിദിന ശരാശരി ഒ.പി. മാനസികാരോഗ്യ പ്രശ്നങ്ങളുടെ വർദ്ധനവിനെ സൂചിപ്പിക്കുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അനുയോജ്യമായ മാനസികാരോഗ്യ പരിപാലന സേവനങ്ങൾ നൽകുന്നതിന്, കൂടുതൽ മാനസികാരോഗ്യ സംരക്ഷണ വിദഗ്ധരെ സൃഷ്ടിക്കേണ്ടതുണ്ട്. ആകയാൽ, ഈ മേഖലയിൽ പുതിയ കോഴ്സുകൾ തുടങ്ങേണ്ടത് അനിവാര്യമാണ്.

**7.** ഫയൽ ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടു.

**തീരുമാനിക്കേണ്ട സംഗതി**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് തിരുവനന്തപുരം, ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജുകളിൽ 2023-24 അദ്ധ്യയന വർഷം മുതൽ വാർഷിക വിദ്യാർത്ഥി പ്രവേശന ശേഷി 8 വീതം ആയി നിജപ്പെടുത്തി എം.എസ്.സി (മെന്റൽ ഹെൽത്ത് നഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകാമോ?

# GOVERNMENT OF KERALA
## (SRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File No. | : | C3/294/2022/H&FWD |
| 2. | Department | : | Health & Family Welfare (C) Department |
| 3. | Subject | : | Opening M.Sc. (Mental Health Nursing) Course in Thiruvananthapuram and Alappuzha Government Nursing Colleges with effect from 2023-24 academic year |
| 4. | Date of Chief Minister's order for placing before the Council | : | 09/07/2023 |
| 5. | (i) Does the case involve financial commitments/ implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | : | Yes<br>Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | No |
| 7. | Name of Joint Secretary who submitted the Draft Note | : | Sri.Sreejith V.P. |
| 8. | Name of Principal Secretary who approved the Draft Note | : | Sri. A P M Mohammed Hanish |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 24.07.2023 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. Venu V. |
| 11. | Date of approval of the Draft Note for the Council by the Chief Secretary. | : | 25.07.2023 |
| 12. | Name of Minister who approved the Draft Note | : | Smt.Veena George |
| 13. | Date of approval of the Draft Note for the Council by the Minister | : | 25.07.2023 |
| 14. | Date of Submission of fair copies | : | 25.07.2023 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O./letter communicating the decision | : | |

# Note for the Council of Ministers

This note relates to the proposal for starting M.Sc. (Mental Health Nursing) course in Thiruvananthapuram and Alappuzha Government Nursing Colleges under Medical Education Department from 2023-24 academic year.

**2.** Although, the proposal for starting Post Graduate Degree Course in Mental Health Nursing in Thiruvananthapuram and Alappuzha Government Nursing Colleges during 2022-23 and 2023-24 academic years has been taken up with Finance Department multiple times, that department,without agreeing to the proposal, deferred the same. The Director of Medical Education has submitted proposal for starting M.Sc (Mental Health Nursing) course in Thiruvananthapuram and Alappuzha Nursing Colleges during this academic year since the course is integral to the field of mental health care and also provides for a lot of job opportunities in India and abroad.

**3.** In the meeting convened by the Hon'ble Minister for Health & Family Welfare on 04.11.2022 with regard to assess the progress of nursing education in the State, need for starting M.Sc (Mental Health Nursing) course in Government sector have also been evaluated. In accordance with the decision taken in the meeting, feasibility for starting Post Graduate Degree in Mental Health Nursing at Government Nursing Colleges at Thiruvananthapuram and Alappuzha during 2022-23 academic year was assessed again and the opinion of the Finance Department was sought. Opinion of the Finance Department dated 20.12.2022 is quoted below:

"*Finance sticks to its earlier remarks in file No. C3/35/2020/H&FWD dated 10.07.2021 as the proposal includes additional financial burden on the State in respect of arranging infrastructure, stipend disbursement and post creation*".

**4.** Considering the importance of mental health nursing, once again the matter was taken up with the Finance Department. This time also, that department stuck with the earlier stand and remarked that *'the proposal is deferred for the time being'*.

**5.** Out of the 9 Government nursing colleges in the State, only three colleges at Kottayam, Thrissur and Kozhikode districts offer M.Sc (Mental Health Nursing). All these three colleges together provide for a combined total annual intake capacity of just 15 students. Details of Clinical facilities to be maintained as per Indian Nursing Council guidelines, additional financial commitment to be met etc. with regard to starting M.Sc (Mental Health Nursing) course in Thiruvananthapuram and Alappuzha Government Nursing Colleges with an intake capacity of 8 students each are shown in the table below:

| Nursing College | Clinical requirements as per INC guidelines | Available clinical facilities | Teaching faculties needed for an intake capacity of 25 students as per INC norms | Teaching faculties to be created to satisfy INC norms |
|---|---|---|---|---|
| Thiruvananthapuram | 50 bedded institute of psychiatry and mental health | 50 bedded parent hospital. Average 150 O.P per day. | Professor -1<br>Associate Professor-1<br>Assistant Professor - 3 | Associate Professor-1 (At present nursing college offers M.Sc (N) in 4 specialities with a combined total of 28 **students**. One post of Associate Professor need to be created to maintain 1:10 teacher student ratio, if M.Sc (Psychiatry) |

| | | | | |
|---|---|---|---|---|
| | | | | is started with an intake capacity of **8 students.** |
| Alappuzha | 50 bedded institute of psychiatry and mental health | 30 bedded parent hospital. Average O.P 100 per day | Professor -1<br>Associate Professor-1<br>Assistant Professor - 3 | Associate Professor-1 (At present nursing college offers M.Sc (N) in 4 specialities with a combined total of **20 students.** One post of Associate Professor need to be created to maintain 1:10 teacher student ratio, if M.Sc (Psychiatry) is started with an intake of **8 students.** |

**6.** Only two new posts of Associate Professor should be created. These posts would create an annual financial commitment of Rs. 42,57,188/- (Forty two lakh fifty seven thousand one hundred and eighty eight only). The state of Kerala is facing acute shortage of mental health professionals. Daily average O.P in Thiruvananthapuram and Alappuzha Medical Colleges indicate the increase in mental health problems. To provide optimal mental health care services to mentally challenged, more mental health care professionals need to be created. So, starting of new courses in this field is inevitable.

**7.** When the file was circulated, the Hon'ble Chief Minister has ordered to place the matter before the council of Ministers.

## Point for decision

Whether sanction may be accorded for starting of M.Sc. (Mental Health Nursing) Course in Thiruvananthapuram and Alappuzha Government Nursing Colleges with an annual intake capacity of 8 students each, with effect from the Academic Year 2023-24, overruling the remarks of the Finance Department?